<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4865</u> <u>01-11-2021 - ൽ മറുപടിയ്ക്ക്</u>

<u>തിരൂരങ്ങാടി മണ്ഡലത്തിൽ സ്കൂൾ കെട്ടിട നിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിൽ സ്കൂൾ കെട്ടിട നിർമ്മാണത്തിന് കിഫ്ബി വഴി ഏതെല്ലാം സ്കൂളുകൾക്ക് എത്ര രൂപ വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ധനസഹായത്തോടെ 5 കോടി രൂപ, 3 കോടി രൂപ, ഒരു കോടി രൂപ എന്നിങ്ങനെ അനുവദിച്ചാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതികളിൽ ഉൾപ്പെട്ട സ്കൂളുകൾക്ക് പരമാവധി 5 കോടി രൂപ 3 കോടി രൂപ, ഒരു കോടി രൂപ എന്നിങ്ങനെയാണ് കിഫ്ബി അനുവദിക്കുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതിയിലുൾപ്പെട്ടുത്തിയ സ്കൂളുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 5 കോടി രൂപ കിഫ്ബി പദ്ധതി 5 കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട പരപ്പനങ്ങാടി നെടുവ ഗവ.എച്ച്.എസ്.എസിന്റെ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു. 3 കോടി രൂപ കിഫ്ബി പദ്ധതി 3 കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട പുതുപ്പറമ്പ ജി.എച്ച്.എസ്. എസിന്റെ നിർമ്മാണം പൂർത്തിയായി. ഉദ്ഘാടനം നിർവ്വഹിച്ചു. ജി.എച്ച്.എസ്. എസ്.തൃക്കുളത്തിന്റെ പ്രവൃത്തി 60% പൂർത്തീകരിച്ചു. ജി.എച്ച്.എസ്.എസ്. തിരൂരങ്ങാടിയുടെ നിർമ്മാണം ആരംഭിച്ചു. ജി.യു.പി.എസ്.ക്ലാരിയുടെ ഡിപിആർ കിഫ്ബി അംഗീകരിച്ചു. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ജി.എം.യു.പി.എസ്. വെന്നിയൂർ, ജി.വി.എച്ച്.എസ്.എസ്. ചെട്ടിയാൻ കിണർ എന്നീ സ്കൂളുകളുടെ ഡിപിആർ കിഫ്ബിയുടെ പരിഗണനയിലാണ്. 1 കോടി രൂപ കിഫ്ബി പദ്ധതി 1 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട 3 സ്കൂളുകൾക്കാണ് ഭരണാനുമതി നൽകിയത്. ആയതിലെ ജി.എം.എൽ.പി.എസ്. ചെറുമുക്ക്, ജി.എം.യു.പി.എസ്.കൊടിഞ്ഞി എന്നീ സ്കൂളുകൾക്ക് |

| | | | |
|---|---|---|---|
| | | | സ്ഥലം ലഭ്യമല്ലാത്തതിനാൽ നിർമ്മാണത്തിന് പരിഗണിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. കക്കാട് ജി.എം.യു.പി. സ്കൂളിന് KMBR violation ഉള്ളതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നില്ല എന്ന് എസ്.പി.വി യായ കില അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കുമോ? | (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ധനസഹായത്തോടെ 5 കോടി രൂപ, 3 കോടി രൂപ, ഒരു കോടി രൂപ എന്നിങ്ങനെ അനുവദിച്ചാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതികളിൽ ഉൾപ്പെട്ട സ്കൂളുകൾക്ക് പരമാവധി 5 കോടി രൂപ 3 കോടി രൂപ, ഒരു കോടി രൂപ എന്നിങ്ങനെയാണ് കിഫ്ബി അനുവദിക്കുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ സ്കൂളുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 5 കോടി രൂപ കിഫ്ബി പദ്ധതി 5 കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട പരപ്പനങ്ങാടി നെടുവ ഗവ.എച്ച്.എസ്.എസിന്റെ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു. 3 കോടി രൂപ കിഫ്ബി പദ്ധതി 3 കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട പുതുപ്പറമ്പ ജി.എച്ച്.എസ്.എസിന്റെ നിർമ്മാണം പൂർത്തിയായി. ഉദ്ഘാടനം നിർവ്വഹിച്ചു. ജി.എച്ച്.എസ്. എസ്.തൃക്കുളത്തിന്റെ പ്രവൃത്തി 60% പൂർത്തീകരിച്ചു. ജി.എച്ച്.എസ്.എസ്. തിരൂരങ്ങാടിയുടെ നിർമ്മാണം ആരംഭിച്ചു. ജി.യു.പി.എസ്.ക്ലാരിയുടെ ഡിപിആർ കിഫ്ബി അംഗീകരിച്ചു. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ജി.എം.യു.പി.എസ്. വെന്നിയൂർ, ജി.വി.എച്ച്.എസ്.എസ്. ചെട്ടിയാൻ കിണർ എന്നീ സ്കൂളുകളുടെ ഡിപിആർ കിഫ്ബിയുടെ പരിഗണനയിലാണ്. 1 കോടി രൂപ കിഫ്ബി പദ്ധതി 1 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട 3 സ്കൂളുകൾക്കാണ് ഭരണാനുമതി നൽകിയത്. ആയതിലെ ജി.എം.എൽ.പി.എസ്. ചെറുമുക്ക്, ജി.എം.യു.പി.എസ്.കൊടിഞ്ഞി എന്നീ സ്കൂളുകൾക്ക് സ്ഥലം ലഭ്യമല്ലാത്തതിനാൽ നിർമ്മാണത്തിന് പരിഗണിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. കക്കാട് ജി.എം.യു.പി. സ്കൂളിന് KMBR violation ഉള്ളതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നില്ല എന്ന് എസ്.പി.വി യായ കില അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ